I ഇ.ബി. XV- കേരള നിയമസഭ/XII-2

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 08, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5 (*31) വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള കർമ്മപദ്ധതി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ/നികുതി സംവിധാനം എന്നിവയിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ വിലയിരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ ഉൾപ്പെടുത്തിയ 30 മേഖലകളിൽ കേരളത്തിന് 9 എണ്ണത്തിൽ ടോപ്പ് അച്ചീവർ സ്ഥാനം

നേടുന്നതിന് സാധിച്ചിട്ടുണ്ടെന്നും രാജ്യത്ത് തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനം കേരളമാണെന്നും സഭയെ അറിയിച്ചു. കേരളത്തെ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രൂപംകൊടുത്ത വ്യവസായ നയം 2023-ന്റെ അടിസ്ഥാനത്തിൽ 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ തിരഞ്ഞെടുത്ത് ഉത്തേജിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളും ഇളവുകളും ലഭ്യമാകുന്നതിനുപുറമെ ഇത്തരം സംരംഭങ്ങളെ ആകർഷിക്കുന്നതിന് "ഇന്റർനാഷണൽ ജൻ എ ഐ കോൺക്ലേവ്" സംഘടിപ്പിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ള ജൻറോബോട്ടിക്സ്, ഫിൻജന്റ്, ക്യു ബസ്റ്റ്, ഫോക്കലോയ്ഡ് ടെക്നോളജിസ് തുടങ്ങിയ സംരംഭങ്ങൾക്കുപുറമെ ഐ.ബി.എം-ഉം അവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിലൂടെ ഉയർന്ന വേതനം ലഭ്യമാകുന്ന നിരവധി തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. Prime Ministers Employment Generation Programme (PMEGP)-ന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന

വ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി ആനുകൂല്യങ്ങൾക്കായി റൂറൽ ഏര്യ സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദേശം നല്കുകയും ഇതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെതുടർന്ന് നഷ്ടമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സംബന്ധിച്ച് വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ, പുനരുജ്ജീവന പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 'ഇയർ ഓഫ് എന്റർപ്രൈസസ്' കാമ്പയിൻ നടപ്പാക്കിയതിലൂടെ മൂന്നുലക്ഷത്തോളം സംരംഭങ്ങൾ ആരംഭിക്കാനും 19,600 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ഒരുവർഷത്തിനുള്ളിൽ 30 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. റോബോട്ടിക്സ് മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ തൃശ്ശൂരിൽ ഒരു റോബോട്ടിക്സ് പാർക്ക് ആരംഭിക്കാൻ ആലോചിക്കുന്നുണ്ടെന്നും സംരംഭകത്വത്തിലേയ്ക്ക് യുവത്വത്തെ നയിക്കുകയെന്ന ലക്ഷ്യത്തോടെ വീടുകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതാണെന്നും കേരള ബ്രാൻഡിംഗിന്റെ ഭാഗമായി 4 ഉൽപ്പന്നങ്ങൾക്ക്

'നന്മ' ബ്രാൻഡ് നൽകിയിട്ടുണ്ടെന്നും കെ-സ്റ്റോറുകൾവഴി 10 കോടി രൂപയുടെ വിൽപ്പന നടത്താൻ സാധിച്ചിട്ടുണ്ടെന്നും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ സജ്ജമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*32) <u>സ്വർണ്ണ കച്ചവടത്തിലെ നികുതി ചോർച്ച തടയാൻ ഇ-വേ ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷം രൂപയ്ക്കോ അതിനുമുകളിൽ അതത് സംസ്ഥാനങ്ങളിലെ കേന്ദ്ര-സംസ്ഥാന നികുതി ഡിപ്പാർട്ട്മെന്റ് തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാക്കിയിട്ടുണ്ടെന്നും ഇ-വേ ബില്ലിന് ബാധകമാകുന്ന തുക തീരുമാനിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. സ്വർണ്ണ വ്യാപാരികളുടെ ജി.എസ്.ടി റിട്ടേണിലെ വാർഷിക നീക്കിയിരിപ്പിന്റെ മുഖവില തീരുമാനിക്കുന്നത് ജി.എസ്.ടി നിയമത്തിന്റെ

പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ ഇൻകം ടാക്സ് മാതൃകയിൽ നികുതി പരിഷ്കരിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടാൻ സാധിക്കുകയില്ല. ഇന്റലിജൻസ്, ഓഡിറ്റ്, ടാക്സ് പെയർ സർവീസസ് എന്നീ ത്രിതല സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ 2000 കോടിയിലധികം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും ബിസിനസ് ടു കസ്റ്റമർ മേഖലയിൽ ഇ-ഇൻവോയ്സിങ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വാഹന പരിശോധന ഉൾപ്പെടെ കർശനമാക്കികൊണ്ട് സ്വർണ്ണ കച്ചവടത്തിലെ നികുതി ചോർച്ച തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*33) <u>സാമ്പത്തിക പ്രതിസന്ധിയും വികസന പ്രവർത്തനങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരുത്തിയ വെട്ടിക്കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന പുനഃക്രമീകരിച്ചതുമൂലമുണ്ടായ അധിക ബാധ്യത, ബ്രാൻഡിങിന്റെ പേരിൽ

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് തടഞ്ഞുവയ്ക്കൽ, റവന്യൂ പങ്കിടൽ അനുപാതത്തിലുണ്ടായ കുറവ്, അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടാക്കിയെങ്കിലും അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിന് വകുപ്പുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി 10 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവ സെക്രട്ടറിതല സമിതി പരിശോധിച്ച് മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് ഭരണാനുമതി നൽകിയ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതും 10 കോടി രൂപയ്ക്ക് താഴെയുള്ള അനിവാര്യമായ പദ്ധതികൾ വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് ഭരണാനുമതി നൽകിയ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തേണ്ടതുമാണ്. നബാർഡ് ധനസഹായം, വിദേശ വായ്പാ പദ്ധതികൾ, കേന്ദ്ര സഹായം എന്നിവ ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ തടസ്സമില്ലാതെ നടപ്പിലാക്കുന്നുണ്ട്. 1000 കോടി രൂപയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി സംബന്ധിച്ച

മാനദണ്ഡങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക, സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും കരാറുകാരുടെയും ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*34) <u>സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും കണക്കിലെടുത്ത് സഹകരണ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും അവ വിവിധ തലത്തിൽ വിലയിരുത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം പദ്ധതിയിലുൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 700 (എഴുനൂറ്) ലക്ഷം രൂപ വകയിരുത്തുകയും 175.60 ലക്ഷം രൂപ അനുവദിക്കുകയും പുനർജ്ജനി പദ്ധതിപ്രകാരം 28 സംഘങ്ങൾക്ക് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം 100 ദിന പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലകളിലും യുവ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വനിതാ സഹകരണസംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിലുൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം 250 (ഇരുന്നൂറ്റി അൻപത്) ലക്ഷം രൂപ വകയിരുത്തുകയും വനിതകളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനുമുള്ള പ്രവർത്തനങ്ങൾക്കായി 11 വനിതാ സഹകരണ സംഘങ്ങൾക്കായി 51 (അൻപത്തിയൊന്ന്) ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സഹകാരികൾക്കുള്ള ആശ്വാസ നിധി പദ്ധതിപ്രകാരം 387 അപേക്ഷകളിലായി 1,02,80,000/- രൂപയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം മരണാനന്തര/ ചികിത്സാ ധനസഹായമായി 327.12 കോടി രൂപയും കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതിപ്രകാരം ഗുരുതര രോഗം ബാധിച്ച 39837 ഗുണഭോക്താക്കൾക്കായി 83,33,95,000/- രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറുകയും രണ്ടാം ഘട്ടമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ 40 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി സമഗ്ര

ആരോഗ്യ പദ്ധതിയിൽ 6924 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരളാ ബാങ്കിൽനിന്നും വിവിധതരം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക വായ്പകൾ അനുവദിച്ചുവരുന്നുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് "സഹകരണം സൗഹൃദം" പദ്ധതിപ്രകാരം 4.30 കോടി രൂപ വിതരണം ചെയ്യുകയും കോട്ടയം ജില്ല ആസ്ഥാനമായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കലാകാരൻമാരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി കലാകാരന്മാരുടെ സംഘവും ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘവും (ShopCosFed) രൂപീകരിച്ചിട്ടുണ്ട്. ഉപജീവനം മാർഗ്ഗം കണ്ടെത്തുന്ന സഹായ ഹസ്തം വായ്പാ പദ്ധതിപ്രകാരം 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" പദ്ധതിയും മത്സ്യതൊഴിലാളികൾക്കായി സ്നേഹതീരം വായ്പാ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നീതി മെഡിക്കൽ

സ്റ്റോറുകൾ വഴി 85% വരെ വിലക്കിഴിവിൽ മരുന്നുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. 2024-ലെ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്കിന്റെ വായ്പകൾ എഴുതി തള്ളുന്നതിന്റെ ആദ്യഘട്ടമായി മരണപ്പെട്ട 9 പേരുടെ വായ്പകൾ എഴുതി തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഹകരണ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി പതിനാല് ജില്ലകളിലും "ടീം ഓഡിറ്റ്" സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നവർ മരണപ്പെടുകയോ മാരകമായ രോഗംവന്ന് കിടപ്പിലാകുകയോ ചെയ്താൽ അവരുടെ ബാങ്ക് വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് "റിസ്ക് ഫണ്ട്", "മെംബർ റിലീഫ് ഫണ്ട്" എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.